**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 308** **27-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് തിരുവനന്തപുരം നഗരസഭയിൽ തുടരെയുണ്ടാകുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം നഗരസഭയിലെ സാമ്പത്തിക ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നടപടിക്രമങ്ങളിലെയും ആഡിറ്റിംഗ്, ട്രഷറി, ബാങ്ക് വെരിഫിക്കേഷൻ എന്നിവയിലെയും പാളിച്ചകളാണ് പ്രസ്തുത ക്രമക്കേടുകൾ നടത്താൻ അവസരമൊരുക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ആയത് പരിഹരിക്കുന്നതിന് നഗരസഭാതല ത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം കോർപ്പറേഷനിലെ മെയിൻ ഓഫീസിലും വിവിധ സോണൽ ഓഫീസുകളിലും കളക്ഷൻ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേട് നടത്തിയ ജീവനക്കാരെയും സംശയാസ്പദമായ ജീവനക്കാരെയും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും പോലീസ് നടപടികൾക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓഡിറ്റ് നടപടികൾ പൂർത്തിയാക്കാതിരുന്ന എല്ലാ മേഖലാ ഓഫീസുകളിലും ഓഡിറ്റ് നടപടി ക്രമങ്ങൾ ത്വരിതഗതിയിലാക്കുകയും എല്ലാ മാസവും ആദ്യവാരം തന്നെ മെയിൻ ഓഫീസ്/മേഖലാ ഓഫീസുകളിൽ പരിശോധന നടത്തുന്നതിന് നഗരസഭാ ജീവനക്കാരുടെ രണ്ട് ടീം രൂപീകരിച്ചു കൊണ്ട് നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ കൂടുതൽ പരിശോധന നടത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഇത്തരം ക്രമക്കേടുകൾ നടത്തുന്നവർക്ക് ചില സംഘടനകളുടെ സംരക്ഷണം ലഭിക്കുന്നതാണ് ഇവ ആവർത്തിക്കപ്പെടാൻ കാരണമാകുന്നതെന്ന | (സി) | ഇല്ല. |

| | | | |
|---|---|---|---|
| | ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ